# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 78 12.12.2012-ൽ മറുപടിക്ക്

## ആരോഗ്യ സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്ന പേരിൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചത്. അസോസിയേഷൻ ഓഫ് കോമൺവെൽത്ത് യൂണിവേഴ്സിറ്റീസ് മുൻ ചെയർമാനും ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മുൻ ഡയറക്ടറും പ്രശസ്തനായ ആരോഗ്യ വിദ്യാഭ്യാസ പണ്ഡിതനുമായ ഡോ. കെ. മോഹൻദാസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി ചുമതലയേറ്റു. വൈസ് ചാൻസലർക്ക് പുറമെ പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ, ഡീൻ, ഫിനാൻഷ്യൽ ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ ഉയർന്ന ഓഫീസർ തസ്തികകളും സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി വിവിധ ഇനങ്ങളിലായി 67 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിലേക്കും മറ്റ് ആവശ്യമായ തസ്തികകളിലേക്കുമുള്ള നിയമന നടപടികൾ നടന്നുവരികയാണ്.<br>തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് കാമ്പസിൽ പ്രവർത്തിച്ചുവരുന്ന സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരമുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 63.60 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 17.95 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും |

സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് നടപടി ക്രമങ്ങളും ത്വരിതഗതിയിൽ പൂർത്തിയായി വരികയാണ്. കേരള ഗവൺമെന്റിന്റെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്റ്റാറ്റ്യൂട്ടറി ബോഡികളുടെയും (മെഡിക്കൽ, ദന്തൽ, ആയുർവ്വേദ, നഴ്സിംഗ്, ഫാർമസി കൗൺസിലുകൾ) അംഗീകാരത്തിനും ചട്ടങ്ങൾക്കും വിധേയമായും സർവ്വകലാശാല നടത്തുന്ന പരിശോധനകൾക്കും വിധേയമായിട്ടാണ് കോഴ്സുകൾക്കും, കോളേജുകൾക്കും അംഗീകാരം നൽകുന്നത്. അഫിലിയേഷൻ സംബന്ധമായ ചട്ടങ്ങൾ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. കോളേജുകളുടെ നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എന്നിവ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ 238 കോളേജുകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. സർവ്വകലാശാല വിവിധ ഫാക്കൽറ്റികൾ, ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമി കൗൺസിൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എല്ലാ വിഷയത്തിലും 50 ശതമാനം മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇരട്ട മൂല്യ നിർണയ സംവിധാനമാണ് സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളത്.

വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സർവ്വകലാശാല സ്വയം വികസിപ്പിച്ച സോഫ്റ്റ് വെയർ സഹായത്തോടുകൂടി എല്ലാ പരീക്ഷകളുടെയും ചോദ്യ പേപ്പറുകൾ ഓൺലൈൻ സംവിധാനത്തിൽ വിതരണം നടത്തുകയും ഫലങ്ങൾ സമയബന്ധിതമായി കേന്ദ്രീകൃത മൂല്യ നിർണയം വഴി പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലേക്കായി ഔപചാരികമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

| | |
|---|---|
| (ബി) കോളേജുകൾക്ക് അഫിലിയേഷൻ നൽകിയതിലും കോഴ്സുകൾക്ക് അംഗീകാരം നൽകിയതിലും എന്തെങ്കിലും ക്രമക്കേട് വിജിലൻസ് കണ്ടെത്തിയിരുന്നോ ; വിശദാംശം നൽകാമോ ;<br>(സി) സർക്കാർ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | **(ബി) & (സി)**<br>ടി വിഷയത്തിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. എന്നാൽ വിജിലൻസ് വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഔദ്യോഗികമായ മറ്റ് അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**